"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗോശ്രീ ദ്വീപ് വികസന അതോറിറ്റി (ജിഡ) - എറണാകുളം ജില്ലയിലെ കടമക്കുടി - ചാത്തനാട് പാലവും അപ്രോച്ച് റോഡും നിർമ്മിക്കുന്നതിനായി ജിഡ ഭൂമി ഏറ്റെടുക്കുമ്പോൾ കുടിയൊഴിപ്പിക്കപ്പെടുന്നവരിൽ പുനരധിവാസ ഭൂമിയ്ക്ക് അർഹരായ ഒൻപത് ഗുണഭോക്താക്കൾക്ക് പുനരധിവാസ പാക്കേജ് പ്രകാരം ഓരോരുത്തർക്കും മൂന്ന് സെന്റ് ഭൂമി വീതം അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(കൈ) നം.34/2025/LSGD തീയതി,തിരുവനന്തപുരം, 17-02-2025

പരാമർശം:-
1. ഗോശ്രീ ദ്വീപ് വികസന അതോറിറ്റി സെക്രട്ടറിയുടെ 31.01.2022, 10.05.2022, 07.06.2022, 27.08.2022, 03.11.2023 തീയതികളിലെ 1413/2021/GIDA നമ്പർ കത്തുകൾ
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 13.12.2022, 04.03.2023, 26.07.2023, 11.12.2023 തീയതികളിലെ LR/11905/2022-LR(C3) നമ്പർ കത്തുകൾ
3. എറണാകുളം ജില്ലാ കളക്ടറുടെ 26.06.2024 തീയതിയിലെ സി1-1515/19 നമ്പർ കത്ത്

ഉത്തരവ്

എറണാകുളം ജില്ലയിൽ ഏഴിക്കര, കടമക്കുടി വില്ലേജുകളിൽ ഉൾപ്പെട്ട 0.92923 ഹെക്ടർ ഭൂമി കടമക്കുടി - ചാത്തനാട് പാലവും അപ്രോച്ച് റോഡും നിർമ്മിക്കുന്നതിനായി ഗോശ്രീ ദ്വീപ് വികസന അതോറിറ്റി ഏറ്റെടുക്കുമ്പോൾ കുടിയൊഴിപ്പിക്കപ്പെടുന്ന 9 ഗുണഭോക്താക്കൾക്ക് പുനരധിവാസ ഭൂമി അനുവദിക്കണമെന്ന് അതോറിറ്റി പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ കടമക്കുടി വില്ലേജിൽ ഉൾപ്പെട്ട സർവ്വേ നമ്പർ 4/5 - 29 ആയ 17.86 ആർ സ്ഥലം, RFCTLARR Act പ്രകാരം അവാർഡ് പാസ്സാക്കി 01.07.2022 തീയതിയിൽ സ്പെഷ്യൽ തഹസിൽദാർ ഏറ്റെടുത്ത് ഗുണഭോക്താക്കളുടെ പുനരധിവാസത്തിലേയ്ക്കായി ജിഡയ്ക്ക് കൈമാറിയിട്ടുള്ളതാണ്. RFCTLARR Act-ലെ വകുപ്പ് 19 പ്രകാരം റവന്യൂ വകുപ്പ് പുറപ്പെടുവിച്ച 12.05.2021 തീയതിയിലെ G.O(P) No.48/ 2021-RD ഉത്തരവിൽ പുനരധിവാസത്തിനായി കണ്ടെത്തിയ ഈ ഭൂമിയും ഉൾപ്പെടുത്തിയിട്ടുള്ളതാണെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം (2) പ്രകാരം അറിയിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിൽ ഏഴിക്കര, കടമക്കുടി വില്ലേജുകളിൽ ഉൾപ്പെട്ട 0.92923 ഹെക്ടർ ഭൂമി കടമക്കുടി - ചാത്തനാട് പാലവും അപ്രോച്ച് റോഡും നിർമ്മിക്കുന്നതിനായി ഗോശ്രീ ദ്വീപ് വികസന അതോറിറ്റി ഏറ്റെടുക്കുമ്പോൾ കുടിയൊഴിപ്പിക്കപ്പെടുന്ന ചുവടെ പട്ടികയിലുള്ള 9 ഗുണഭോക്താക്കൾക്ക് ജിഡ ഏറ്റെടുത്തിട്ടുള്ള എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ കടമക്കുടി വില്ലേജിൽ ഉൾപ്പെട്ട സർവ്വേ നമ്പർ 4/5 - 29 ആയ 17.86 ആർ സ്ഥലത്തിൽ നിന്നും

മൂന്ന് സെന്റ് വീതം അനുവദിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | മേൽവിലാസം |
|---|---|---|
| 1. | രവി | നെടുമ്പിള്ളി ചാലിൽ |
| 2. | രമേശൻ | അരവശ്ശേരിൽ |
| 3. | വിനോജ് | പണ്ടാര പറമ്പിൽ |
| 4. | സുഷമ മനോഹരൻ | നെടുമ്പിള്ളി ചാലിൽ |
| 5. | ജോഷി | അതിയുന്തൻ വീട് |
| 6. | സിജ്ജ കൊച്ചാപ്പ | കോലഞ്ചേരി വീട് |
| 7. | മണി | കടവിൽ പറമ്പിൽ |
| 8. | പങ്കജാക്ഷൻ ജി | കോട്ടപ്പറമ്പിൽ |
| 9. | സന്തോഷ് | കുഞ്ഞായി പറമ്പിൽ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
സെക്ഷൻ ഓഫീസർ
Date: 18-02-2025 11:19:19

സെക്രട്ടറി, ഗോശ്രീ ദ്വീപ് വികസന അതോറിറ്റി
ലാൻഡ് റവന്യൂ കമ്മീഷണർ
ജില്ലാ കളക്ടർ, എറണാകുളം
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം.2695)
ധന (ഡബ്ല്യൂ.സി.ഡി) വകുപ്പ് (E- 2867890)
റവന്യൂ (ബി) വകുപ്പ് (Rev-B2/199/2022-Rev)
നിയമ വകുപ്പ് (നം.113/ഉപദേശം ഡി3/2022/നിയമം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഐ.എ3/18/2022-തസ്വഭവ)